പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 164 12-10-2026-ൽ മറുപടിയ്ക്ക്

**<u>സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകൾക്കടക്കം ക്ഷാമം നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കെ.എം.എസ്.സി.എൽ മുഖേനയും ലോക്കൽ പർച്ചേസ് മുഖേനയും അവശ്യ മരുന്നുകൾ യഥാസമയം രോഗികൾക്ക് തടസ്സമില്ലാതെ നൽകി വരുന്നു.

അവശ്യമരുന്നുകളുടെ ലഭ്യതക്കുറവ് സർക്കാർ ആശുപത്രികളിൽ ഉണ്ടാകുന്ന പക്ഷം കൂടുതൽ സ്റ്റോക്ക് ഉള്ള ആശുപത്രികളിൽ നിന്നും ഇന്റർ ഇൻസ്റ്റിറ്റ്യൂഷണൽ ട്രാൻസ്ഫർ മുഖേന അവയുടെ ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്

**(ബി)** മരുന്ന് ക്ഷാമം പൊതുജനങ്ങളിൽ നിന്നും മറച്ചുവയ്ക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ഇടപെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന കെ.എം.എസ്.സി.എൽ. (കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്)-ന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗം നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗം നിർത്തലാക്കിട്ടില്ല.

**(ഡി)** ഗുണനിലവാര പരിശോധനയുടെ ചുമതല ഡ്രഗ്സ് കൺട്രോൾ വകുപ്പിന് മാത്രമായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഇല്ല.

**(ഇ)** സ്വകാര്യ മെഡിക്കൽ ഷോപ്പുകളിലെ മരുന്ന് ഉൾപ്പെടെ യഥാസമയം പരിശോധന നടത്താനുള്ള ഉദ്യോഗസ്ഥരും ഉപകരണങ്ങളും പ്രസ്തുത വകുപ്പിൽ നിലവിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്ന മരുന്നുകളുടെ 98%-ഉം അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ചുവരുന്നവയാണ്. വിവിധ സംസ്ഥാനങ്ങളിലായി പതിനായിരത്തി അഞ്ഞൂറിലധികം മരുന്നു നിർമ്മാണ യൂണിറ്റുകൾ ചേർന്ന് എഴുപതിനായിരത്തോളം മരുന്നുകൾ വിപണിയിൽ എത്തുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഓരോ ബ്രാൻഡ് ഉൽപ്പന്നത്തിന്റെയും നാലുമുതൽ അഞ്ചോളം ബാച്ചുകൾ കണക്കാക്കിയാൽ സംസ്ഥാന ഔഷധ വിപണിയിൽ ഒരു സമയം ഏകദേശം രണ്ടര ലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ട്. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിച്ചുറപ്പിക്കുന്നത്. ലബോറട്ടറി പരിശോധനയിലൂടെ ഒരു മരുന്നിന്റെ ഗുണനിലവാര പരിശോധന പൂർത്തീകരിക്കുന്നതിന് 3 മുതൽ 20 ദിവസം വരെ സമയം ആവശ്യമാണ്. ഇത്തരം സാഹചര്യം നിലനിൽക്കുന്നതിനാലാണ് നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം വകുപ്പ് ഉറപ്പുവരുത്തുന്നത്. സംസ്ഥാനത്ത് നിലവിൽ ഗുണനിലവാരപരിശോധനയ്ക്കായി മരുന്ന് പരിശോധന ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുംഎറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും NABL അംഗീകാരം നേടിയ ലബോറട്ടറികളാണ് .

**(എഫ്)** യഥാസമയം ഗുണനിലവാര പരിശോധന നടത്താൻ കഴിയാതെ വരുന്നത് മരുന്ന് ക്ഷാമത്തിന് ഇടവരുത്തുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന മരുന്നുകൾ വിതരണം ചെയ്യുന്നതിനു മുൻപ് ഉത്പാദകർ സമർപ്പിക്കുന്ന INHOUSE /NABL /CDL /NIB റിപ്പോർട്ടുകൾ പരിശോധിച്ചശേഷം QC അപ്പ്രൂവൽ നൽകുന്നു. കൂടാതെ മരുന്നുകൾ വിതരണം ചെയ്തു ശേഷവും ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. കാലഹരണ തീയതി അവസാനിക്കുന്നതിനു മുൻപു വരെയും മരുന്നുകളുടെ ലഭ്യമായ സാമ്പിളുകൾ (റാൻഡമായി) ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള നടപടി കോർപ്പറേഷൻ കൈക്കൊള്ളാറുണ്ട്. ഒരു മരുന്നിനെ സംബന്ധിച്ച് സമാന സ്വഭാവമുള്ള പരാതികൾ ലഭ്യമാകുന്ന സാഹചര്യത്തിൽ Continuous Quality Evaluation ന്റെ ഭാഗമായി ടി മരുന്നിൻറെ ലഭ്യമായ എല്ലാ ബാച്ചുകളും ഗുണനില വാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ, പരാതി റിപ്പോർട്ട് ചെയ്യപ്പെട്ട ബാച്ചുകൾ, പരാതി റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥാപനത്തിൽ നിന്ന് എടുത്ത് ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്ത പുരത്തെ ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ്

ലബോറട്ടറിയിലേക്ക് അയയ്ക്കുന്നു. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, റാൻഡമായി കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് നടത്തുന്നു.

**സെക്ഷൻ ഓഫീസർ**